# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ
(ഹാജർ : ശ്രീമതി അനുപമ.ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ്, ഐ.സി.പി.എസ്, തിരുവനന്തപുരം - വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, ആലപ്പുഴ മായിത്തറ ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് എന്നീ സ്ഥാപനങ്ങളിലെ കുട്ടികളെ വിനോദയാത്ര കൊണ്ടു പോകുന്നതിനുള്ള അനുമതി നൽകി തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : (1) ഈ കാര്യാലയത്തിൽ നിന്നുള്ള 03/12/2020-ലെ ഇതേ നമ്പർ സർക്കുലർ.

(2) തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന്റെ 01/01/2021-ലെ SHT/364/2020 നമ്പർ കത്ത്.

(3) ആലപ്പുഴ മായിത്തറ ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് സൂപ്രണ്ടിന്റെ 08/01/2021-ലെ GCHA/10/2021 നമ്പർ കത്ത്

## ഉത്തരവ് നമ്പർ : ICPS 2/3290/2020 തീയതി : 19/01/2021

വനിതാ ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഗവ ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികൾക്ക് കോവിഡ്-19-മായി ബന്ധപ്പെട്ട് ലോക്ക്ഡൗണിൽ നിന്നുള്ള മാനസികമായ ബുദ്ധിമുട്ടും വിരസതയും മാറ്റുന്നതിന് കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ച് വിനോദയാത്ര കൊണ്ടു പോകുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ഈ കാര്യാലയത്തിൽ നിന്നും പരാമർശം ഒന്ന് സർക്കുലർ പ്രകാരം ഗവ ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, ആലപ്പുഴ മായിത്തറ ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള കുട്ടികളെ വിനോദയാത്ര കൊണ്ടു പോകുന്നതിലേയ്ക്കായി ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുകയും കുറഞ്ഞ ക്വട്ടേഷൻ നിരക്ക് പ്രകാരമുള്ള തുക അനുവദിക്കുന്നതിലേയ്ക്കായി പരാമർശം രണ്ടും മൂന്നും പ്രകാരം അപേക്ഷകൾ സമർപ്പിച്ചിരുന്നു.

സ്ഥാപന സൂപ്രണ്ടുമാർ ലഭ്യമാക്കിയ ക്വട്ടേഷനുകൾ വിശദമായി പരിശോധിച്ചു. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ കുട്ടികളെ കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ച് വിവിധ സ്ഥലങ്ങളിലേയ്ക്ക് വിനോദയാത്ര കൊണ്ടു പോകുന്നതിലേയ്ക്കായി ചുവടെ ചേർക്കും പ്രകാരമുള്ള തുക അനുവദിക്കാവുന്നതാണ്.

PTO

| നമ്പർ | സ്ഥാപനത്തിൻെറ പേര് | കുറഞ്ഞ ക്വട്ടേഷൻ രേഖപ്പെടുത്തിയ സ്ഥാപനം | കുറഞ്ഞ ക്വട്ടേഷൻ തുക | നെഗോഷ്യേറ്റ് തുക | മറ്റ് അനുബന്ധ ചെലവുകൾ | ആകെ തുക |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് | വെറൈറ്റി പാക്കേജസ്, വെമ്പായം, തിരുവനന്തപുരം | 41,000/-രൂപ | 40,900/-രൂപ | 12,100/-രൂപ | 53,000/-രൂപ |
| 2 | ആലപ്പുഴ മായിത്തറ ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് | മണികണ്ഠൻ ട്രാവൽസ്, പ്രൈവറ്റ് ബസ് സ്റ്റാൻറിനു സമീപം, ചേർത്തല | 29,000/-രൂപ | 29,000/-രൂപ | 10,000/-രൂപ | 39,000/-രൂപ |
| | | | ആകെ തുക | 92,000/-രൂപ | | |
| | | | | | | (തൊണ്ണൂറ്റി രണ്ടായിരം രൂപ മാത്രം) |

ടി സാഹചര്യത്തിൽ സൂപ്രണ്ടുമാരുടെ അപേക്ഷകൾ പരിഗണിച്ച് 2020-21 സാമ്പത്തിക വർഷം തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, ആലപ്പുഴ മായിത്തറ ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് എന്നീ സ്ഥാപനങ്ങളിലെ കുട്ടികളെ വിവിധ സ്ഥലങ്ങളിലേയ്ക്ക് വിനോദയാത്ര കൊണ്ടു പോകുന്നതിലേയ്ക്കായി മേൽപ്പട്ടിക പ്രകാരം ആവശ്യമായി വരുന്ന ആകെ തുകയായ 92,000/-രൂപ (തൊണ്ണൂറ്റി രണ്ടായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക (92,000/-രൂപ) നടപ്പു സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-61 (P) 34 OC-യിൽ നിന്നും (സ്ഥാപനങ്ങളിലെ Miscellaneous and Transportation Component-ൽ) അതാത് ജില്ലകളിലെ വനിതാ ശിശു വികസന ഓഫീസർമാർക്ക് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ടി തുക അതാത് സ്ഥാപന സൂപ്രണ്ടുമാർക്ക് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. സൂപ്രണ്ട് ടി തുക ചെലവഴിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, കൈപറ്റ് രസീത് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിനോദയാത്രക്ക് ശേഷം ടി തുകയുടെ റസീപ്റ്റ്, ധനവിനിയോഗ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. വിനോദയാത്രക്കു കുട്ടികളെ വളരെ ശ്രദ്ധാപൂർവ്വം കൊണ്ടുപോകേണ്ടതാണ്. സ്ഥാപനാധികൃതർ അവരുടെ കൂടെയുണ്ടായിരിക്കേണ്ടതും, കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. വിനോദയാത്രയ്ക്ക്

കൊണ്ടുപോകുന്നതിൻെറ പൂർണ്ണഉത്തരവാദിത്വം സ്ഥാപന സൂപ്രണ്ടിനായിരിക്കും. വിനോദയാത്രയ്ക്ക് കുട്ടികളെ കൊണ്ടുപോകുമ്പോൾ ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച പരാമർശം ഒന്ന് സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക്

<u>പകർപ്പ്</u>

1. ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാർക്ക്
2. സൂപ്രണ്ട്, അലോട്ട്മെൻറ് സെക്ഷൻ
(അലോട്ട്മെൻറ് നൽകുന്നതിനു വേണ്ടി)
3. ഐ.സി.പി.എസ് - 4
4. (ചെലവ് സംബന്ധിച്ച രജിസ്റ്ററിൽ
ആവശ്യമായ രേഖപ്പെടുത്തൽ വരുത്തണം)
5. സ്റ്റോക്ക് ഫയൽ
6. സ്പെയർ കോപ്പി
7. വെബ് സൈറ്റ്

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM 12